*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/1/HSE/2017** **11th May 2017**

# <u>സർക്കുലർ</u>

സൂചന : 1) ഇതേ നമ്പറിൽ മേയ് 5 ലെ സർക്കുലർ
2) GO(Rt) No. 1236/2017/G.Edn dated 03/05/2017

## ഏകജാലകപ്രവേശനം 2017 : പ്രിൻസിപ്പൽമാർക്കുള്ള നിർദേശങ്ങൾ

അപേക്ഷകരുടെ പരിചയക്കുറവ് മൂലം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആയവ സ്കൂളിൽ നിന്നുള്ള വെരിഫിക്കെഷൻ സമയത്ത് തിരുത്താവുന്നതാണ്.

**പ്രോസ്പക്ടസിലെ ഖണ്ഡിക 4, 5 പ്രകാരം സ്കൂളുകളിൽ പ്രവർത്തിക്കേണ്ട ഹെൽപ് ഡെസ്ക്കുകൾ ഫലപ്രദമായി നടത്തപ്പെടുന്നില്ല എന്ന തരത്തിൽ വിദ്യാർത്ഥികളിൽ നിന്നും രക്ഷകർത്താക്കളിൽ നിന്നും നിരവധി പരാതികൾ ഡയറക്ടറേറ്റിൽ ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും ഹെൽപ് ഡെസ്ക്കുകൾ ഫലപ്രദമായി നടക്കുന്നുണ്ടെന്നു പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്. സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ /എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ട് സ്വീകരിക്കാതിരിക്കുക,അപേക്ഷകർക്ക് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാതിരിക്കുക തുടങ്ങിയ തരത്തിൽ ഏകജാലകത്തിൻെറ അടിസ്ഥാന ആശയത്തിനു വിരുദ്ധമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത്തരം സ്കൂൾ പ്രിൻസിപ്പൽമാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.**

**സൂചന സർക്കുലറിൻെറ രണ്ടാം ഖണ്ഡികയിൽ മാനേജ്മെൻറ്/കമ്മ്യൂണിറ്റി /അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനത്തിനുള്ള അപേക്ഷകളുടെ ഫീസിനത്തിൽ 25 രൂപ മാത്രമേ ഈടാക്കാവു എന്നു നിർദ്ദേശിക്കുകയുണ്ടായി. മെരിറ്റ് ക്വാട്ടയിൽ അപേക്ഷാഫീസായി സ്വീകരിക്കുന്ന മുഴുവൻ തുകയും ( രൂപ 25 നിരക്കിൽ) എന്നാൽ മാനേജ്മെൻറ്/കമ്മ്യൂണിറ്റി /അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനത്തിനായുള്ള അപേക്ഷാഫീസിൽ പകുതി തുകയും(12 രൂപ 50 പൈസ നിരക്കിൽ) സർക്കാർ ഖജനാവിൽ അതത് ദിവസം ഒടുക്കി പ്രസ്തുത വിവരം അന്നേദിവസം തന്നെ** Treasury Transaction Module **കൂടി അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.**

ഓൺലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിൻറും അനുബന്ധരേഖകളും സ്കൂളിൽ സമർപ്പിക്കുമ്പോൾ , സ്കൂൾതല ഹെൽപ് ഡെസ്കിലുള്ളവർ അപേക്ഷ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അപേക്ഷയിൽ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ ആയവ അപേക്ഷകരെ ബോധ്യപ്പെടുത്തേണ്ടതും , ഓപ്ഷനുകൾ ഉൾപ്പടെ ഏതു തരത്തിലൂള്ള **തിരുത്തലുകൾക്കുമുള്ള അപേക്ഷ അനുബന്ധത്തിലെ മാതൃകയിൽ** വെള്ളപേപ്പറിൽ പ്രത്യേകമായി രക്ഷകർത്താവിൻെറ ഒപ്പോടുകൂടി കൈപ്പറ്റി ഓൺലൈൻ അപേക്ഷ പ്രിൻറിനൊപ്പം സൂക്ഷിക്കേണ്ടതും അവ വെരിഫിക്കേഷൻ സമയത്ത് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

മറ്റ് ജില്ലകളിൽ അപേക്ഷിക്കുന്നവർക്ക് , അപേക്ഷയുടെ പ്രിൻറൗട്ട് പ്രസ്തുത ജില്ലയിലെ ഏതെങ്കിലും സർക്കാർ/ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ നേരിട്ട് സമർപ്പിക്കുവാൻ കഴിയുമെങ്കിൽ Cash Paid To School എന്ന രീതിയിൽ ഓൺലൈൻ ലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കൂളിൽ അപേക്ഷയുടെ പ്രിൻറൗട് നേരിട്ട് സമർപ്പിക്കുവാൻ കഴിയാത്തവർ മാത്രമാണ് ജില്ലയുടെ നിർദ്ദിഷ്ഠ സ്കൂൾ (**അനുബന്ധം 7 )** പ്രിൻസിപ്പാളിന് ( സ്കൂൾ അഡ്രസ്സ് ഉൾപ്പടെ) ഡിമാൻറ് ഡ്രാഫ്റ്റ് എടുത്തശേഷം ഓൺലൈൻ അപേക്ഷ സമർപ്പിച്ച് പ്രിൻറൗട്ടും അനുബന്ധരേഖകളും ഡിമാൻറ് ഡ്രാഫ്റ്റും തപാലിൽ അയച്ച് കൊടുക്കേണ്ടത്.

**വിഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ജില്ലാതല കൗൺസലിങിനെ സംബന്ധിച്ച വിശദ വിവരങ്ങൾ മേയ് 12 ന് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ജില്ലാതല കൗൺസലിങ് കഴിഞ്ഞശേഷം മാത്രം ഏകജാലക അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്.**

ഡയറക്ടർ

# അനുബന്ധം
# ഹയർ സെക്കൻഡറി ഏകജാലക പ്രവേശനം 2017
## തിരുത്തലുകൾക്കുള്ള അപേക്ഷ

1 ഏകജാലകപ്രവേശനത്തിന്റെ അപേക്ഷാനമ്പർ:

2 വിദ്യാർത്ഥിയുടെ പേര് :

3 വിദ്യാർത്ഥിയുടെ SSLC രജിസ്റ്റർ നമ്പർ :

4 **അഡ്രസ്സും ഫോൺനമ്പറും** :

| ക്രമനമ്പർ | തിരുത്തൽ ആവശ്യമുള്ള വിവരം ഇപ്പോൾ കാണപ്പെടുന്നത് | തിരുത്തേണ്ടത് എങ്ങനെ ? |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

**(ആവശ്യമുണ്ടെങ്കിൽ കൂടുതൽ പേജ് ചേർക്കുക. ഓപ്ഷനുകൾ ക്രമപ്പെടുത്തണമെങ്കിൽ മറുപുറത്ത് പുതുതായി ക്രമത്തിൽ എല്ലാ ഓപ്ഷനുകളും രേഖപ്പെടുത്തണം.)**

## സത്യപ്രസ്താവന

മുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം തിരുത്തലുകൾ വരുത്തുന്നതിനും / ഓപ്ഷനുകൾ ക്രമപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നതിനൊപ്പം തെറ്റായ വിവരങ്ങൾ ഒന്നും തന്നെ നൽകിയിട്ടിട്ടില്ല എന്ന് സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

വിദ്യാർത്ഥിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി

രക്ഷകർത്താവിന്റെ പേരും ഒപ്പും